എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക ഒഴിവുകൾ പരമാവധി നികത്തി പഠനം സുഗമമാക്കി. തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിച്ചു. ഈ സ്കൂളുകളിൽ പഠനക്കൂട്ടങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ്, ലഘുഭക്ഷണം, ഒരുക്കം, സ്കൂൾതല കൃഷി, നാടകക്കളരി, തിരക്കഥാ ശില്പശാല എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇവയ്ക്ക് ഓരോ സ്കൂളിനും ധനസഹായം നൽകി.

(ബി) ഉണ്ട്.

(സി) നിലവിലുള്ള പദ്ധതികൾ ഈ വർഷവും കഴിഞ്ഞ വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുനർ ആസൂത്രണം നടത്തി നടപ്പാക്കി വരുന്നു.

(ഡി) ഈ അദ്ധ്യയനവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ

2 (2003) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പാഠ്യപദ്ധതി, പഠന രീതി, പാഠപുസ്തകം, മൂല്യനിർണ്ണയം എന്നിവയിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(ബി) ഉയർന്ന കഴിവുകളുള്ള കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (NCF-2005) ഭാഗമായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF 2007) തയ്യാറാക്കി. ഇതനുസരിച്ച് സാമൂഹ്യ ഇടപെടലിലൂടെയുള്ള അറിവ് നിർമിതി (social constructivism), വിമർശനാത്മക ബോധന ശാസ്ത്രം (Critical pedagogy) എന്നീ സിദ്ധാന്തങ്ങളുടെ അടിത്തറയിൽ പാഠ്യപദ്ധതി പരിഷ്ക്കരിച്ചു. പാഠപുസ്തകം, പഠനരീതി ക്ലാസ്റൂം പ്രക്രിയ എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തി.

കെ.സി.എഫ്. -2007-ന്റെ അടിസ്ഥാനത്തിൽ 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ അദ്ധ്യയന വർഷവും എല്ലാ അധ്യാപകർക്കും കുറഞ്ഞത് 6 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1 മുതൽ 7 വരെ ക്ലാസ്സുകളിൽ നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം (സി.സി.ഇ) നടപ്പാക്കി. ഇത് കൈകാര്യം ചെയ്യുന്നതിന് അധ്യാപകർക്ക് സഹായകരമായ വിഷയാധിഷ്ഠിത മൂല്യനിർണ്ണയത്തിന് 11 സോഴ്സ് ബുക്കുകൾ തയ്യാറാക്കി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 4 ദിവസത്തെ അധിക പരിശീലനം ഈ അദ്ധ്യയനവർഷം നൽകുകയുണ്ടായി.

(ബി) ഉയർന്ന കഴിവുകളുള്ള കുട്ടികൾക്ക് കൂടുതൽ അനുഭവങ്ങൾ ലഭിക്കുന്നതിന് ഇന്ത്യൻ ബഹിരാകാശ ഗവേഷണകേന്ദ്രം (ISRO)/ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (IIST)/University മുഖാന്തിരം സംസ്ഥാനതലത്തിൽ ശാസ്ത്രോൽസവങ്ങൾ, ഭാവി ഇന്ത്യക്കു വേണ്ടിയുള്ള ബഹിരാകാശപര്യവേഷണം (Exploration of Space for Future India), പഠനപര്യടനം (Exposure Trips) എന്നിവ സംഘടിപ്പിച്ചുവരുന്നു.

അപകടങ്ങളും ദുരന്തങ്ങളും കുറയ്ക്കുന്നതിന് ബോധവൽക്കരണം

3 (2004) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :-

(എ) അപകടങ്ങളും ദുരന്തങ്ങളും നേരിടുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടി സ്കൂൾ-കോളേജ് തലങ്ങളിൽ തുടങ്ങുന്നതിനെ സംബന്ധിച്ച് തീരുമാനിക്കുമോ ;

(ബി) അപകടങ്ങളുടെയും ദുരന്തങ്ങളുടെയും സ്വഭാവവും വ്യാപ്തിയും വർദ്ധിച്ചുവരുന്നതിന് കാരണങ്ങൾ എന്തൊക്കെയെന്ന് വിദ്യാർത്ഥികളിൽ ധാരണ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ ?

ഉത്തരം

(എ&ബി) ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിന് നിർദ്ദേശങ്ങൾ

4 (2005) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്ത് യു.ജി.സി. ശമ്പളപരിഷ്ക്കരണത്തോടൊപ്പം യു.ജി.സി. സ്കീം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ശുപാർശകളാണ് ഇതിനായി നിയോഗിച്ച സമിതി നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly